"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി . 28.12.2022

# "പോസ്റ്റാഫീസ് നിക്ഷേപതട്ടിപ്പ് വനിതാ ഏജന്റിനെ വിജിലൻസ് കോടതി 18 വർഷം തടവിന് ശിക്ഷിച്ചു"

2000 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ പത്തനംതിട്ട, കുളനട പോസ്റ്റാഫീസിൽ മഹിളാ ഏജന്റായിരുന്ന കുളനട സ്വദേശിനി, പി.ജി സരളകുമാരി നിക്ഷേപകരുടെ 1,58,100/- രൂപ വെട്ടിച്ചതിലേക്ക് പത്തനംതിട്ട, വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത ആറു കേസ്സിൽ കുറ്റക്കാരിയാണെന്ന് കണ്ടെത്തി തിരുവനന്തപുരം വിജിലൻസ് കോടതി മൂന്ന് വർഷം വീതം തടവിനും ആകെ 6,25,000/-പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

1989 മുതൽ പത്തനംതിട്ട, കുളനട പോസ്റ്റാഫീസിൽ മഹിളാ ഏജന്റായി പ്രവർത്തിച്ചിരുന്ന പി.ജി സരളകുമാരി 2000 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ 34 നിക്ഷേപകരിൽ നിന്നും സ്വീകരിച്ച 1,58,100/- രൂപ വെട്ടിച്ചതിലേക്ക് പത്തനംതിട്ട വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത ആറു കേസ്സുകളിൽ ആറു കേസ്സിലും കുറ്റക്കാരിയാണെന്ന് കണ്ടെത്തി ഓരോ കേസ്സിലും മൂന്ന് വർഷം വീതം തടവിനും ആകെ 6,25,000/-പിഴ ഒടുക്കുന്നതിനും തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്നും കോടതി വിധിന്യായതിൽ പറയുന്നു.

പത്തനംതിട്ട, വിജിലൻസ് യൂണിറ്റ് മുൻ ഡി.വൈ.എസ്.പി ശ്രീ. സി.പി ഗോപകുമാർ രജിസ്റ്റർ ചെയ്ത ആറു കേസ്സുകളുടെയും അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം തയ്യാറാക്കി കോടതി

മുമ്പാകെ സമർപ്പിച്ചത് പത്തനംതിട്ട, വിജിലൻസ് യൂണിറ്റ് മുൻ ഡി.വൈ.എസ്.പി ശ്രീ. ബേബിചാൾസ് ആയിരുന്നു, വിജിലൻസിന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ഉണ്ണികൃഷ്ണൻ, എസ് ചെറുന്നിയൂർ ഹാജരായിരുന്നു.